**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2119** **12-02-2024 - ൽ മറുപടിയ്ക്ക്**

**കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അനധികൃത ഓൺലൈൻ സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളെന്ന പേരിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അനധികൃത ഓൺലൈൻ സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളെന്ന പേരിൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്.<br><br>പബ്ലിക് പോർട്ടലിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സേവനങ്ങളുടെ ദുരുപയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 27/06/2018 ലെ സ.ഉ(സാധാ)നം.177/2018/വിസവ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 07/11/2019 ലെ സ.ഉ(കൈ ) നം.26/2019/വിസവ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനുള്ള അംഗീകൃത കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മാത്രമായി നിശ്ചയിച്ചിട്ടുണ്ട്.<br><br>നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കണമെന്ന് പഞ്ചായത്ത്/ അർബൻ ഡയറക്ടർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്ക് സമാനമായി പ്രവർത്തിക്കുന്ന ഇതര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ പ്രോജക്ട് മാനേജർക്കും അക്ഷയ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അക്ഷയ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് നിലവിൽ ലഭ്യമാകുന്നത്; സേവനങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി) | അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകി വരുന്ന സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| SL No | Name of Project |
|---|---|
| 1 | e-District |
| 2 | Ration Card |
| 3 | UID Services |
| 4 | UCL Facility |
| 5 | Banking KIOSK |
| 6 | Insurance |
| 7 | KNRK |
| 8 | CMDRF |
| 9 | E-Grantz |
| 10 | T-Grantz |
| 11 | Passport |
| 12 | PAN Card |
| 13 | Jeevan Pramaan |
| 14 | Income Tax Filing |
| 15 | Railway Ticketing |
| 16 | Election ID |
| 17 | Food Safety |
| 18 | MVD |
| 19 | GST |
| 20 | Labour Department |
| 21 | Factories and Boilers |
| 22 | Registration Department |
| 23 | Employment Registration |
| 24 | PSC Registration |
| 25 | Pollution Control Board |
| 26 | Mining & Geology |
| 27 | Ekajalakam (Plus One admission/Poly Admission) |
| 28 | Degree Admission |
| 29 | Entrance Exam (KEAM) |
| 30 | Central Govt. Scholarships |
| 31 | State Govt. Scholarships |

| | |
|---|---|
| 32 | Marriage Registraion |
| 33 | VHSE DBDO Training |
| 34 | UDID |
| 35 | SC Premetric |
| 36 | CSC |
| 37 | Tailors Welfare |
| 38 | Kshreerakarshaka Registration |
| 39 | Thuna |
| 40 | Mustering - Welfare Scheme |
| 41 | Industries Dept. Data Entry |
| 42 | ILGMS |